# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 263 28/10/2019-ൽ മറുപടിയ്ക്ക്

## എറണാകുളം മെഡിക്കൽ കോളേജ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.സ്വരാജ്** | **കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദാംശം അറിയിക്കുമോ; | (എ) | എറണാകുളം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:-<br>1 ആശുപത്രിയിൽ കാർഡിയോളജി വിഭാഗത്തിന് മാത്രമായി പ്രത്യേകം സജ്ജമാക്കിയ നാലുനിലകളുള്ള കാർഡിയോളജി ബ്ലോക്കിൽ കിഫ്ബിയുടെ സഹായത്തോടെ 13 കോടി രൂപ ചെലവഴിച്ചു. പുതുതായി സ്ഥാപിച്ച കാത്ത് ലാബ് സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br>2. ഡയാലിസിസ് യൂണിറ്റ് പുതിയ 15 ഡയാലിസിസ് മെഷീനുകളുടെ സഹായത്തോടെ 3 ഷിഫ്റ്റായി പ്രവർത്തനം പുന:ക്രമീകരിച്ചു. ഡയാലിസിസ് യൂണിറ്റിൽ പുതിയ മെഷീനുകൾ ഉൾപ്പെടുത്തി അതിവിപുലമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.<br>3. ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 5 കോടി രൂപ ചെലവഴിച്ചു സി.ടി. സ്കാൻ യൂണിറ്റ് ആരംഭിക്കുകയും, 80 ലക്ഷം രൂപ ഉപയോഗിച്ച് മോർച്ചറി നവീകരിക്കുകയും ചെയ്തു.<br>4. എം.ആർ.ഐ അടക്കമുള്ള 25 കോടി രൂപയുടെ ഇമേജിംഗ് സെന്റർ 2019 ജൂലൈ മുതൽ പ്രവർത്തിച്ചു വരുന്നു.<br>5. ആശുപത്രി നവീകരണത്തിനു മാത്രമായി 4.48 കോടി രൂപയാണ് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം, നവജാത ശിശുരോഗ വിഭാഗം, ചില വാർഡുകൾ, ഐ.സി.യു-കൾ എന്നിവയുടെ പണി പൂർത്തിയാക്കി.<br>6. ലേബർ റൂമിനോട് ചേർന്ന് രണ്ട് ഓപ്പറേഷൻ തീയേറ്ററുകൾ കൂടി സ്ഥാപിക്കുകയും നവജാത ശിശുവിഭാഗം പുതിയ വെന്റിലേറ്ററുകൾ ഉൾപ്പെടുത്തി വിപുലീകരിക്കുകയും ചെയ്തു.<br>7. സെൻട്രൽ ഓക്സിജൻ പൈപ്പ് ലൈൻ വാർഡുകളിലും സ്ഥാപിച്ചു.<br>8. ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട ഒ.പി.ബ്ലോക്കുകളെ ബന്ധിപ്പിക്കുന്ന പാലം നിർമ്മാണം പൂർത്തിയായി.<br>9. മുൻ എം.പി ശ്രീ. കെ.വി തോമസ്സിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള സഹായം ഉപയോഗിച്ച് |

| | | | | |
|---|---|---|---|---|
| | | | | ദിവസേന 500 ടൺ മാലിന്യം സംസ്കരിക്കാവുന്ന ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു.<br>10. മൈക്രോബയോളജി വിഭാഗത്തിൽ ഇൻഫെക്ഷനുകൾ നേരത്തെ കണ്ടെത്തുന്നതിനായി Bactec മെഷീനും, ടി.ബി രോഗബാധ നേരത്തേ കണ്ടെത്തുന്നതിനായി CBNAAT മെഷീനും സ്ഥാപിച്ചിട്ടുണ്ട്.<br>11. ഓപ്പറേഷൻ തീയേറ്ററിൽ അത്യാധുനിക ഒ.ടി ലൈറ്റുകളും താക്കോൽദ്വാര ശസ്ത്രക്രിയ ചെയ്യുന്നതിനായി അമേരിക്കൻ നിർമ്മിത മെഷീനുകളും സ്ഥാപിച്ചു<br>12. കെൽട്രോൺ മുഖേന ഒരു കോടി രൂപയുടെ റൂഫ് ടോപ് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>13. ആശുപത്രിയുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്<br>14. പുതിയ ലേഡീസ് ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>15. ക്യാൻസർ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>16. കാഷ്വാലിറ്റി, ഐ.സി.യു, ഓപ്പറേഷൻ തിയേറ്റർ എന്നിവിടങ്ങളിൽ വെന്റിലേറ്ററും, മോണിറ്ററും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പുതുതായി സ്ഥാപിച്ചിട്ടുണ്ട്.<br>17. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഉൾപ്പെടെ മൊത്തം 117 തസ്തികകൾ സൃഷ്ടിച്ചു.<br>18. എമർജൻസി ട്രീറ്റ്മെന്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് അധികം അനുവദിച്ച് 1.1 കോടി രൂപ വിനിയോഗിച്ച് ഉപകരണങ്ങൾ വാങ്ങി.<br>19. പാലും ബ്രഡും നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br>20. ഒ.പി.ഫാർമസി പ്രവർത്തന സമയം 24 മണിക്കൂറാക്കി ദീർഘിപ്പിച്ചു.<br>21. കാരുണ്യ ഫാർമസി പ്രവർത്തന സമയം ദീർഘിപ്പിച്ചു<br>22. എല്ലാ വാർഡുകളിലും എമർജൻസി ട്രീറ്റ്മെന്റ് ഉപകരണങ്ങൾ (ഓക്സിജൻ, പൾസ്ഓക്സി മീറ്റർ, സക്ഷൻ അപ്പരറ്റ്സ്) സ്ഥാപിച്ചിട്ടുണ്ട്.<br>23. ഐസോലേഷൻ വാർഡുകൾ നവീകരിച്ചു.<br>24. ഡിജിറ്റൽ എക്സ്റെ സംവിധാനം സ്ഥാപിച്ചു.<br>25. പവർ ഗ്രിഡ് കോപ്പറേഷനിൽ നിന്ന് പുതിയ ആംബുലൻസ് ലഭിച്ചു.<br>26. ഇൻസിനറേറ്റർ പ്ലാന്റിന്റെ നവീകരണം പൂർത്തിയാക്കി.<br>27.ബഹു. ജോൺ ഫെർണാണ്ടസ് എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് കോളേജിനായി ബസ്സ് അനുവദിച്ചു.<br>28. റാമ്പ് ടൈലിംഗ്, സ്ത്രീകളുടെ അമിനിറ്റി സെന്റർ, പുരുഷന്മാർക്ക് വിശ്രമകേന്ദ്രം, ആശുപത്രി കെട്ടിടങ്ങളുടെ പെയിന്റിംഗ്, ക്യാമ്പസ് റോഡ് നവീകരണം, മെൻസ് ഹോസ്റ്റൽ നവീകരണം, ലേബർ റൂം നവീകരണം, മേജർ/മൈനർ ഓപ്പറേഷൻ |

| | | | |
|---|---|---|---|
| | | | തീയേറ്റർ നവീകരണം, എച്ച്.ഡി.എസ് ഫണ്ട് ഉപയോഗിച്ച് സ്റ്റോറേജ് ഷെഡിന്റെ നിർമ്മാണം, കംഫർട്ട് സ്റ്റേഷനുകളുടെ നിർമ്മാണം എന്നീ പൊതുമരാമത്ത് പദ്ധതികൾപൂർത്തീകരിച്ചു. |
| (ബി) | നിലവിൽ എന്തെല്ലാം പദ്ധതികൾ ഇവിടെ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ? | (ബി) | നിലവിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:-<br>**1.** 4.48 കോടി രൂപയുടെ ആശുപത്രി നവീകരണ പ്രവൃത്തികളുടെ ഭാഗമായി വാർഡുകളുടെ നവീകരണം നടന്നു വരുന്നു.<br>**2.** പുതിയ സൂപ്പർ സ്പെഷ്യാലിറ്റി, മാതൃ ശിശു സംരക്ഷണ വിഭാഗം എന്നിവ ഉൾപ്പെടുന്ന ആശുപത്രി സമുച്ചയം നിർമ്മിക്കുന്നതിനും സ്റ്റാഫ് ക്വാർട്ടേഴ്സിനും വേണ്ടി അനുവദിച്ച 368.75 കോടി രൂപയുടെ പ്രവൃത്തികൾ കിഫ്ബി വഴി INKEL നടപ്പിലാക്കി വരുന്നു.<br>**3.** ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട പേഷ്യന്റ് വെയിറ്റിങ്ങ് ഏരിയ, ഡ്രഗ് ഡിസ്പെൻസിംഗ് ഏരിയ, ഒ.പി ബാത്ത്റൂമുകളുടെ നവീകരണ പ്രവൃത്തികൾ, മെഡിസിൻ ഒ.പി, സൈക്യാട്രി ഒ.പി എന്നിവയുടെ നവീകരണം എന്നിവയുടെ പണികൾ പൂർത്തിയായി വരുന്നു.<br>**4.** പെയിൻ & പാലിയേറ്റീവ് കെയർ സെന്ററിനു 12.68 കോടി രൂപ സിയാൽ മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>**5.** പവർ ഗ്രിഡ് കോർപ്പറേഷൻ മുഖേന 1.19 കോടി വരുന്ന ഹീമോ ഡയാലിസിസ് യൂണിറ്റ് നവീകരണത്തിന് അനുമതി നൽകിയിട്ടുണ്ട്.<br>**6.** ഡോക്ടർമാരുടെ ക്വാർട്ടേഴ്സ്, പി.ജി.ക്വാർട്ടേഴ്സ്, കോമൺ അമിനിറ്റി സെന്റർ, ഇൻഡോർ സ്റ്റേഡിയം കം ഓഡിറ്റോറിയം, ഹോസ്റ്റൽ/സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നീ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ